(ബി) കുടിവെള്ള പൈപ്പ് ലൈനുകൾ പുനഃസ്ഥാപിക്കുന്നതിന് കുട്ടനാട് പാക്കേജിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത വിഷയം ഒരു പ്രത്യേക പദ്ധതിയായി കേന്ദ്ര സർക്കാരിനു മുമ്പിൽ സമർപ്പിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് 24-11-2010-ൽ W-11042/46/2010 നമ്പരായി കേന്ദ്രസർക്കാരിൽനിന്നും ലഭിച്ച കത്തിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിന്റെഭാഗമായി പുറം ബണ്ട് നിർമ്മാണം നടക്കുന്ന സ്ഥലങ്ങൾ വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. നിലവിൽ നിർമ്മാണ പ്രവർത്തനം നടക്കുന്ന സ്ഥലങ്ങളിൽ പൈപ്പ് ലൈനുകൾക്ക് നാശനഷ്ടം സംഭവിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നുണ്ട്. കൂടാതെ പുറം ബണ്ടുകളുടെ നിർമ്മാണ സമയത്ത് പൈപ്പ് ലൈനുകൾക്ക് കേടുപാടുകൾ സംഭവിക്കാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്. പൈപ്പ് ലൈനുകൾക്ക് നാശനഷ്ടം സംഭവിച്ചാൽ പകരം പുതിയവ സ്ഥാപിക്കേണ്ട ചുമതല കോൺട്രാക്ടർക്കാണ്.

(ബി) കുടിവെള്ള പൈപ്പ് ലൈനുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള പദ്ധതി കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇക്കാര്യം പ്രോസ്പിരിറ്റി കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

(സി) ഈ കത്തിന്മേൽ ഉചിതമായ നടപടികൾ കൈക്കൊണ്ട് റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുവാൻ കുട്ടനാട് പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ചെന്നിത്തല ബ്രാഞ്ച് കനാലിന്റെ അറ്റകുറ്റപ്പണികൾ

102 (1830) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ പുലിയൂർ വില്ലേജിൽ 11-ാം വാർഡിൽകൂടി കടന്നുപോകുന്ന പമ്പ ഇറിഗേഷൻ പ്രോജക്ട് ചെന്നിത്തല ബ്രാഞ്ച് കനാലിന്റെ അപ്രോച്ച് റോഡ് സൈഡ് റബിൾ കെട്ട് തകർന്ന് മണ്ണിടിഞ്ഞ് വീണ് അതീവ അപകടാവസ്ഥയിലുള്ള വിവരം ബന്ധപ്പെട്ടവർ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(ബി) സ്കൂൾ വിദ്യാർത്ഥികളും യാത്രക്കാരും വാഹനങ്ങളും ദിനംപ്രതി ധാരാളം കടന്നുപോകുന്ന ഇലഞ്ഞിമേൽ ചെറിയനാട് റോഡിന്റെ നിർദ്ദിഷ്ട പ്രദേശത്ത് അത്യാഹിതങ്ങൾ സംഭവിക്കാതിരിക്കുന്നതിന് എന്തൊക്കെ നടപടികൾ അടിയന്തരമായി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പ്രവൃത്തിയുടെ അടിയന്തര സ്വഭാവം പരിഗണിച്ച് ആനുവൽ പ്ലാൻ ഓഫ് ഓപ്പറേഷൻ സ്കീമിൽപ്പെടുത്തി ഈ പ്രവൃത്തി അടിയന്തരമായി നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനും, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) 2010-11 വർഷത്തെ പ്രവൃത്തിയുടെ ആക്ഷൻ പ്ലാൻ നേരത്തെ തന്നെ തയ്യാറാക്കി അംഗീകാരം നൽകിയതിനാൽ പ്രസ്തുത പ്രവൃത്തി ഉൾക്കൊള്ളിക്കുവാൻ സാധിച്ചിട്ടില്ല.

ആലുവ കടുങ്ങല്ലൂരിലെ ജലനിധി പദ്ധതി

103 (1831) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ മണ്ഡലത്തിലെ കടുങ്ങല്ലൂർ പഞ്ചായത്തിൽ നടപ്പിലാക്കുന്ന ജലനിധി പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി എപ്പോഴാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലുവ മണ്ഡലത്തിലെ കടുങ്ങല്ലൂർ പഞ്ചായത്ത് ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടേയുള്ളൂ.

(ബി) പഞ്ചായത്തുമായി കരാർ ഒപ്പിട്ടതിനുശേഷം 24 മാസം കൊണ്ടാണ് പദ്ധതി പൂർത്തീകരിക്കുന്നത്.

പെരിയാറിന്റെ തീരം കരിങ്കൽ ഉപയോഗിച്ച് കെട്ടി സംരക്ഷിച്ചതിന് ചെലവഴിച്ച തുക

104 (1832) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലുവ മണ്ഡലത്തിലെ പെരിയാറിന്റെതീരം കരിങ്കൽ ഉപയോഗിച്ച് കെട്ടി സംരക്ഷിച്ചതിന് എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ തുക എത്ര വീതം ഏതെല്ലാം ഫണ്ടുകളിൽനിന്നാണ് ലഭ്യമായതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly